പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 528

04/07/2013 ൽ മറുപടിയ്ക്ക്

## കടൽഭിത്തി നിർമ്മാണം

**ചോദ്യം**

ശ്രീ. വി. ഡി സതീശൻ
,, വർക്കല കഹാർ
,, സി. പി. മുഹമ്മദ്
,, എം. പി. വിൻസെന്റ്

**മറുപടി**

ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കടൽഭിത്തി നിർമ്മാണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം കാര്യങ്ങളാണ് വിഭാവനം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി കേരളത്തിലെ തീരപ്രദേശമുള്ള 9 ജില്ലകളിൽ പുതിയ കടൽഭിത്തി നിർമ്മാണവും നിലവിലുള്ള കടൽ ഭിത്തിയുടെ ബലപ്പെടുത്തലും ഏറ്റെടുത്തിട്ടുണ്ട്. അടിയന്തിര പ്രാധാന്യമുള്ള പ്രദേശങ്ങളിൽ സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഹെഡ്ഡിൽ ഉൾപ്പെടുത്തി കടൽ ഭിത്തി/പുലിമുട്ടുകളുടെ നിർമ്മാണവും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 22 കോടിയുടെ ഒരു പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിക്ക് വേണ്ട ധനസഹായം ലഭിക്കുന്നതിനുള്ള അംഗീകാരത്തിനായി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (സി) | ഉണ്ട്. കേന്ദ്ര ഫ്ലഡ് മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിനായി കേന്ദ്ര ജല കമ്മീഷനാണ് പദ്ധതി സമർപ്പിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക 750 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ